പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1717 06.03.2017-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി. യെ ലാഭകരമാക്കുന്നതിനുള്ള സമഗ്ര കർമ്മ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>" സി.കെ. ഹരീന്ദ്രൻ<br>" പി.ടി.എ. റഹീം<br>ശ്രീമതി.വീണാ ജോർജ്ജ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി. യെ ലാഭകരമാക്കുന്നതിനുള്ള സമഗ്ര കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ബസുകളിലെ ഡ്രൈവർമാർക്ക് 100 രൂപ 01.02.2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസുകളും |

| | | | |
|---|---|---|---|
| | | | ട്രെയിനിംഗും സംഘടിപ്പിച്ചു വരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻ വലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചുവരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാത്തരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രി കാലങ്ങളിലാണ് നടത്തിവരുന്നത്. |
| (ബി) | സ്ഥാപനത്തെ സമയബന്ധിതമായി ലാഭത്തിലാക്കാൻ ഉത്പാദനക്ഷമത വർദ്ധനവ്, ധനകാര്യ പുനഃസംഘടന എന്നിവ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പ്രൊഫ.സുശീൽ ഖന്നയുടെ സമഗ്ര പഠന റിപ്പോർട്ടിന്റെ അന്തിമ രൂപം കൂടി കണക്കിലെടുത്ത് ഇത് സംബന്ധിച്ച തീരുമാനം കൈകൊള്ളുന്നതാണ്. |
| (സി) | തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും ഹനിക്കാതെ അവരുടെ സഹകരണത്തോടെയും പിന്തുണയോടെയും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്താണ് കെ.എസ്.ആർ.ടി.സി. യിലെ തൊഴിലാളികളെ ബാധിക്കുന്ന കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. |
| (ഡി) | കെ. എസ്. ആർ. ടി. സി. യുടെ പുനഃസംഘടന സംബന്ധിച്ച് പഠനം നടത്തിയ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | പ്രാഥമിക നിഗമനങ്ങൾ മന്ത്രിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും മുന്നിൽ അവതരിപ്പിച്ചിട്ടുണ്ട്. സമഗ്രമായ പഠന റിപ്പോർട്ട് ഉടൻ തന്നെ സർക്കാരിന് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ